LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാനത്ത് ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കാൻ നടപടി

146 [1864] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.സി.സി.ഐ. തിരുവനന്തപുരത്ത് ഒരു ക്രിക്കറ്റ് സ്റ്റേഡിയം സ്ഥാപിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ ;

(സി) തലസ്ഥാനത്ത് ഒരു ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ അനുയോജ്യതയെപ്പറ്റി അറിയിക്കുന്നതിന് കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോടും ക്രിക്കറ്റ് അസോസിയേഷനോടും ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ നിലപാടുകൾ അറിയിക്കാത്തതിനെ തുടർന്ന് മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലം ലഭ്യമാകുന്നപക്ഷം സ്റ്റേഡിയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

നഗരപ്രദേശങ്ങളിൽ സ്പോർട്ട്സ് ഇൻഫർമേഷൻ സെന്ററും പരിശീലനകേന്ദ്രവും സ്ഥാപിക്കാൻ നടപടി

147 [1865] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിൽ കളിസ്ഥലങ്ങൾ തീരെ കുറവായതിനാൽ കുട്ടികൾക്ക് കായിക പരിശീലനസൗകര്യം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിവിധ കായിക വിനോദങ്ങളിൽ പങ്കാളികളാകാൻ അവസരം നിഷേധിക്കപ്പെടുന്ന കുട്ടികളിൽ കായികാരോഗ്യവും കായിക വിനോദ സംസ്ക്കാരവും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 14 വയസ്സിനുതാഴെയുള്ള കുട്ടികളിൽ കായിക സംസ്ക്കാരം സ്ഥാപിക്കാനും പരിപോഷിപ്പിക്കാനും തിരുവനന്തപുരം നഗരത്തിൽ ചിൽഡ്രൻസ് സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കണമെന്ന് തിരുവനന്തപുരം നോർത്ത് എം.എൽ.എ.യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;